# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 752     11.07.2016 – ൽ മറുപടിക്ക്**

## കൊണ്ടോട്ടി മണ്ഡലത്തിലെ റോഡുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ടി. വി. ഇബ്രാഹിം : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിക്ക് പൈപ്പിടുന്നതിന് വേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ നന്നാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ ? | (എ) ചീക്കോട് കുടിവെള്ള പദ്ധതിക്ക് പൈപ്പിടുന്നതിന് വേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ നന്നാക്കുന്നതിന് 9.13 കോടി രൂപ അടയ്ക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അതിൽ 4.36 കോടി രൂപ മാത്രമേ കേരള വാട്ടർ അതോറിറ്റി അടച്ചിട്ടുള്ളൂ. ആ തുകയ്ക്കുള്ള റിസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 4.77 കോടി രൂപ കേരള വാട്ടർ അതോറിറ്റി അടക്കാനുണ്ട്. കൂടാതെ പുതുതായി വെട്ടിപ്പൊളിച്ച റോഡുകൾ നന്നാക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. അതിനുള്ള തുക കേരള വാട്ടർ അതോറിറ്റി അടക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡുകളുടെ റിസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ